ജലവിഭവ വകുപ്പിലെ കമ്മീഷൻ പ്രവർത്തികൾ

62 [2532] ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവിഭവ വകുപ്പിൽ അനധികൃതമായി കമ്മീഷൻ പ്രവർത്തികൾ വൻതോതിൽ നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരാർ മേഖലയിലെ സംഘടനകൾ പ്രസ്തുത കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ വളരെ അത്യാവശ്യമായ പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കേണ്ട സന്ദർഭങ്ങളിൽ മാത്രം ടെണ്ടർ വിളിക്കാതെ മേലുദ്യോഗസ്ഥൻമാരുടെ ഉത്തരവിന് വിധേയമായി അധികാരപരിധിക്കുള്ളിൽ വരുന്ന ജോലികൾ കമ്മീഷൻ മുഖേന ചെയ്യണ്ടിവരുന്നുണ്ട്.

(ബി) ഉണ്ട്. ജലവിഭവ വകുപ്പിൽ അനധികൃത കമ്മീഷൻ പ്രവർത്തികൾ നൽകാത്തതിനാൽ പരാതി നിലനിൽക്കുന്നതല്ല.

കരകുളം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

63 [2534] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിലെ കരകുളം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പ്രതീക്ഷിക്കുന്ന മതിപ്പു ചെലവ് എത്രയാണെന്നും ഇതിന് എൽ.ഐ.സി-യിൽ നിന്നും എത്ര സാമ്പത്തിക സഹായമാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി അവശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത സാമ്പത്തിക വർഷംതന്നെ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly